**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 180** | **13-09-2023 - ൽ മറുപടിയ്ക്ക്**

**പോക്സോ കേസുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പോക്സോ കേസുകൾ ക്രമാതീതമായി വർദ്ധിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് പോക്സോ കേസുകൾ ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആലുവ, തിരുവനന്തപുരം-പൂവാർ, മലപ്പുറം-ചേളാരി എന്നീ സ്ഥലങ്ങളിൽ പിഞ്ചു കുഞ്ഞുങ്ങളെ ക്രൂരമായ പീഡനങ്ങൾക്ക് ഇരയാക്കിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>**ആലുവയിൽ റിപ്പോർട്ട് ചെയ്ത കേസ് :**<br><br>28.07.2023 തീയതി ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.720/23 U/s 364, 367, 376AB, 376A, 377, 302 IPC & Sec.4(2), 3(a), 6 r/w 5(m), 5(j), 5(iv) of POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>ഇതര സംസ്ഥാനക്കാരനായ പ്രതിയെ 29.07.2023 തീയതി പകൽ 11.30 മണിക്ക് പോലീസ് അറസ്റ്റ് ചെയ്തു. ബഹു. കോടതി പ്രതിയെ റിമാൻഡ് ചെയ്ത് 01.08.2023 തീയതി മുതൽ പത്ത് ദിവസത്തേക്ക് പോലീസ് കസ്റ്റഡിയിൽ വിട്ടു. കസ്റ്റഡി കാലയളവിൽ കൃത്യസ്ഥലങ്ങളിലും താമസസ്ഥലത്തും മറ്റിടങ്ങളിലും എത്തിച്ച് തെളിവുകൾ ശേഖരിക്കുകയും ശേഖരിച്ച ശാസ്ത്രീയ തെളിവുകൾ ബഹു. കോടതി വഴി ഫോറൻസിക് സയൻസ് ലാബിലേക്ക് അയച്ച് റിപ്പോർട്ടുകൾ ലഭ്യമാക്കുകയുമുണ്ടായി. കേസിൽ 130 സാക്ഷികളുടെ മൊഴി 161 CrPC പ്രകാരവും 6 സാക്ഷികളുടെ മൊഴി 164 CrPC പ്രകാരവും രേഖപ്പെടുത്തി. തുടർന്ന് അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി 01.09.2023-ൽ ബഹു. എറണാകുളം അഡീഷണൽ ജില്ലാ സെഷൻസ് (POCSO) കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.<br><br>**മലപ്പുറം-ചേളാരിയിൽ റിപ്പോർട്ട് ചെയ്ത കേസ് :** |

| | | | |
|---|---|---|---|
| | | | തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ ക്രൈം നം.763/23 ആയി U/s 376 AB IPC & Sec. 6(1) r/w 5(m), 12 r/w II(iv) of POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതിയെ 04.08.2023 തീയതി പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. ബഹു. പരപ്പനങ്ങാടി JFCM കോടതി പ്രതിയെ റിമാൻഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സിന്റെ അന്വേഷണം നിലവിൽ തിരൂരങ്ങാടി പോലീസ് ഇൻസ്പെക്ടറുടെ കീഴിൽ ദ്രുതഗതിയിൽ നടന്നുവരുന്നു.<br><br>**തിരുവനന്തപുരം പൂവാർ സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്ത കേസ് :**<br><br>പൂവാർ പോലീസ് സ്റ്റേഷൻ പരിധിയിൽ 03.08.2023 ന് റിപ്പോർട്ട് ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 946/2023 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്നേ ദിവസം തന്നെ അറസ്റ്റ് ചെയ്ത പ്രതിയെ കോടതി റിമാൻഡ് ചെയ്തിട്ടുണ്ട്. കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സമാനമായ സംഭവങ്ങൾ തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പോക്സോ കേസുകൾ റിപ്പോർട്ടാകുന്ന ഏത് സാഹചര്യവും അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. അതോടൊപ്പം, സമൂഹത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി വിവിധങ്ങളായ പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>**കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടി**<br><br>കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെ വേഗം പ്രതിയെ കണ്ടെത്തുന്നതിനും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുമുള്ള നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്.<br><br>ഇത്തരം കേസുകളിൽ ശാസ്ത്രീയ തെളിവുകളും മറ്റും അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്ക വിധം കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി നിലവിലെ നിയമപ്രകാരം 60 ദിവസത്തിനുള്ളിൽ പഴുതടച്ച് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.<br><br>മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ കർശനമായി നിരീക്ഷിക്കുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ച വരുന്നു. |

**രജിസ്ട്രേഷനുള്ള നടപടികൾ**

ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979 ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്.

**വിവര ശേഖരണം**

ഇത്തരം തൊഴിലാളികളുടെ വിവര ശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി നടത്തി വരുന്നു. സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജിമാർ, റേഞ്ച് ഡി.ഐ.ജി-മാർ, ജില്ലാ പോലീസ് മേധാവിമാർ, എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് Law & Order നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. Student Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും കുട്ടികൾക്ക് ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളും, റസിഡൻഷ്യൽ ഏര്യകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തിവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും അവയ്ക്കെതിരെ യഥാസമയം പ്രതികരിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സജ്ജമാക്കുക എന്നത് പ്രമേയമാക്കി ജനമൈത്രി പോലീസ് സംവിധാനം ഉപയോഗിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

| | | | | |
|---|---|---|---|---|
| | | | | **വിചാരണയ്ക്കായി പ്രത്യേക പോക്സോ കോടതികളും കേസ് നടത്തുന്നതിന് പ്രത്യേക പ്രോസിക്യൂട്ടർമാരും**<br><br>സംസ്ഥാനത്ത് പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിന് 56 അതിവേഗ പോക്സോ കോടതികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 54 കോടതികൾ പ്രവർത്തനം ആരംഭിച്ചു. കേസുകൾ അതിവേഗം കൈകാര്യം ചെയ്യുന്നതിന് ഈ കോടതികളിൽ പ്രത്യേക പ്രോസിക്യൂട്ടർമാരെയും നിയോഗിച്ചിട്ടുണ്ട്.<br><br>പോക്സോ കേസുകളുടെ വിചാരണ, അന്തിമതീർപ്പാക്കൽ, പുരോഗതി എന്നിവ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പ്രത്യേക കമ്മിറ്റി (Committee to monitor the progress of trials under the POCSO Act) നിലവിലുണ്ട്. കമ്മിറ്റി മാസത്തിലൊരിക്കൽ കേസുകളുടെ പുരോഗതി വിലയിരുത്തി വരുന്നു. ഇരകളായ കുട്ടികൾ ചിൽഡ്രൻസ് ഹോമുകളിലും സമാനമായ മറ്റു സ്ഥാപനങ്ങളിലും താമസിക്കുന്ന സാഹചര്യങ്ങളിൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേസുകളുടെ സുഗമമായ നടത്തിപ്പിനും അന്വേഷണ ഉദ്യോഗസ്ഥരുടെയും സാക്ഷികളുടെയും സാന്നിധ്യം കോടതികളിൽ ഉറപ്പുവരുത്തുന്നതിനും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുമായി ആവശ്യമായ മീറ്റിംഗുകൾ ജില്ലാ ജഡ്ജിമാരുടെ ചുമതലയിൽ നടത്തുക. കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഉതകുംവിധം പരിശീലനം നൽകുക, ഫോറൻസിക് അന്വേഷണ റിപ്പോർട്ടുകൾ വേഗത്തിലാക്കുക, മുതലായ കാര്യങ്ങളിൽ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ